MEDIA CONSULTANTS

**MATHRUBHUMI**

**Ayurveda workshop in Germany**

Date: **13-03-2012** | Edition: **All Kerala** | Page No: **9** | Clip size (cm) - W: **8** H: **12.5**



ടൂറിസം വകുപ്പ് ജർമനിയിലെ മ്യൂണിക്കിൽ നടത്തിയ ശില്പശാല

# ജർമനിയിൽ ആയുർവേദ ശില്പശാല

**തിരുവനന്തപുരം:** ജർമനിയിൽ ആയുർവേദത്തിന് പ്രിയമേറുന്നു. പ്രായത്തിന്റെ വിഷമതകൾ മറികടക്കാൻ ആയുർവേദത്തെ ആശ്രയിക്കാൻ ഇവിടെ എറെപേർ തയ്യാറാവുന്നു.

കേരളത്തിലെ ടൂറിസം വകുപ്പ് ജർമനിയിൽ സംഘടിപ്പിച്ച ആയുർവേദ ശില്പശാലയ്ക്ക് നല്ല വരവേല്പാണ് ലഭിച്ചത്.

മ്യൂണിക്കിലാണ് ആയുർവേദം: ജീവിതശൈലിയോ ഔഷധമോ എന്ന ശില്പശാല നടത്തിയത്. ഇതിൽ മാധ്യമ പ്രതിനിധികളും ടൂർ ഓപ്പറേറ്റർമാരും ഹെൽത്ത്, ഫിറ്റ്നസ് ക്ലബ്ബുകളുടെ പ്രതിനിധികളും പങ്കെടുത്തു. ജർമനിയിൽ വർധിച്ചുവരുന്ന താത്പര്യം കണക്കിലെടുത്താണ് അവിടെ ആയുർവേദം അവതരിപ്പിക്കാൻ തീരുമാനിച്ചതെന്ന് മന്ത്രി എ.പി. അനിൽകുമാർ പറഞ്ഞു.

ആയുർവേദ ചികിത്സയ്ക്ക്മാത്രമായി കേരളത്തിൽ എത്തുന്നവരുടെ എണ്ണവും വർധിക്കുന്നുണ്ട്. കടുത്ത നടുവേദന ഒഴിവാക്കാൻ പ്രമുഖ ചലച്ചിത്ര സംവിധായകൻ ബർണാഡോ ബട്ടലൂച്ചിയും അടുത്തകാലത്ത് കേരളത്തിലെത്തിയിരുന്നു.